# ഡോ.ആർ. ചന്ദ്രബാബു കാർഷിക വാഴ്സിറ്റി വിസി

തിരുവനന്തപുരം: തമിഴ്നാട് കാർഷിക സർവകലാശാല ഡീനായിരുന്ന ഡോ. ആർ. ചന്ദ്രബാബുവിനെ കേരള കാർഷിക സർവകലാശാല വൈസ് ചാൻസലറായി നിയമിച്ചു. അഞ്ചു വർഷമാണു കാലാവധി.

1957 ഒക്ടോബർ എട്ടിന് കോയമ്പത്തൂരിൽ ജനിച്ച അദ്ദേഹം തമിഴ്നാട് കാർഷിക സർവകലാശാലയിൽനിന്ന് 1990ൽ ക്രോപ്പ് ഫിസിയോളജിയിൽ ഡോക്ടറേറ്റ് നേടി. തുടർന്ന് അമേരിക്കയിലെ ടെക്സസ് ടെക് സർവകലാശാലയിൽനിന്നാണ് പോസ്റ്റ് ഡോക്ടറൽ പഠനം പൂർത്തിയാക്കിയത്. 2006ൽ ഡീനായ അദ്ദേഹം സെന്റർ ഫോർ പ്ലാന്റ് മോളിക്യുലാർ ബയോളജി ആൻഡ് ബയോടെക്നോളജിയുടെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്. 2001 മുതൽ ലോകത്തെ വിവിധ സർവകലാശാലകളിൽ വിസിറ്റിംഗ് സയിന്റിസ്റ്റായും പ്രവർത്തിച്ചിട്ടുണ്ട്.

Deepika 24.12.17